**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**കീം -2025**
**എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം-2025**
**മൂന്നാംഘട്ട താത്ക്കാലിക അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.**

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും 2025 ലെ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള മൂന്നാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **06.10.2025 മുതൽ 28.10.2025 , 11.59 PM വരെ** വിദ്യാർത്ഥികൾ നൽകിയ ഓൺലൈൻ ഓപ്ഷൻ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് **'KEAM 2025-Candidate Portal'**ലെ **'Allotment List'** എന്ന മെനു ക്ലിക്ക് ചെയ്ത് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **ceekinfo.cee@kerala.gov.in** എന്ന ഇമെയിൽ മുഖാന്തിരം **31.10.2025 വൈകുന്നേരം 6.00 മണിക്കുള്ളിൽ** അറിയിക്കേണ്ടതാണ്. സാധുവായ പരാതികൾ പരിഗണിച്ചതിനുശേഷം അന്തിമ അലോട്ട്മെന്റ് MCC നിർദേശ പ്രകാരം **03.11.2025**-ന് പ്രസിദ്ധീകരിക്കുന്നതാണ്. അന്തിമ അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ **08.11.2025 വൈകുന്നേരം 4.00 മണി** വരെ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നേടാം.

***പ്രത്യേക ശ്രദ്ധയ്ക്ക്:***

***താത്കാലിക അലോട്മെൻറ് സൂചന മാത്രമായതിനാൽ, 01.11.2025 ന് ശേഷം MCC പ്രസിദ്ധീകരിക്കുന്ന അയോഗ്യരായ വിദ്യാർഥികളുടേ പട്ടിക, പുതുതായി ചേർക്കപ്പെടുന്ന മെഡികൽ സീറ്റുകൾ, ലഭിക്കുന്ന സാധുവായ പരാതികൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി ഫലത്തിൽ മാറ്റങ്ങൾ വരാവുന്നതാണ്. താത്കാലിക അലോട്മെന്റിൻറെ അടിസ്ഥാനത്തിൽ ലഭിച്ച സീറ്റിന്മേൽ വിദ്യാർഥികൾക്ക് യാതൊരു അവകാശവുമില്ലെന്നും, ഈ താത്കാലിക ഫലം നിയമപരമായി ചോദ്യം ചെയ്യാനാകില്ലെന്നും അറിയിക്കുന്നു. അന്തിമ അലോട്മെൻറ് പ്രസിദ്ധീകരിച്ച ശേഷം മാത്രമേ***

*വിദ്യാർഥികൾ അലോട്ട്മെൻറ് ലഭ്യമായ കോളേജുകളേ സമീപിക്കാവൂ എന്ന് പ്രത്യേകം അറിയിക്കുന്നു.*

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by
Arun S Nair
Date: 30-10-2025 14:52:21

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

30-10-2025